(ബി) 6-8-2008-ലെ സർക്കാർ ഉത്തരവ് നമ്പർ 351/08 പ്രകാരം 6-8-2008 മുതൽ പ്രത്യേക കർമ്മസമിതി (സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്) പ്രവർത്തനം ആരംഭിച്ചു. 22-8-2008-ൽ ആയിരുന്നു പ്രത്യേകകർമ്മസമിതിയുടെ ആദ്യമീറ്റിംഗ്.

(സി) വാർഷികപദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള മൂന്ന് കോടി രൂപയ്ക്ക് മുകളിൽവരുന്ന പുതിയ പദ്ധതികൾക്കും/നിലവിലുള്ള സ്കീമുകളിൽ ഘടനാപരമായ മാറ്റം ആവശ്യമുള്ള പദ്ധതികളും പരിശോധിച്ച് ഭരണാനുമതി നൽകുന്നതിന് അനുവാദംനൽകുന്നു.

(ഡി) ഒരേ വേദിയിൽ ബന്ധപ്പെട്ട സെക്രട്ടറിമാരും മറ്റ് ഉദ്യോഗസ്ഥരും ഇരുന്ന് ചർച്ച ചെയ്യുന്നതിനാൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ഭരണകുപ്പിൽനിന്നും ധനകാര്യ വകുപ്പിലേക്കും കൂടുതൽ വിശദീകരണത്തിനായി ഭരണവകുപ്പിലേക്ക് വീണ്ടും വീണ്ടും അയയ്ക്കേണ്ടിവരുന്നില്ല. ഇത് ഭരണാനുമതിക്കുവേണ്ടിയുള്ള അനാവശ്യമായ കാലതാമസം ഒഴിവാക്കാനും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാനും സഹായിക്കുന്നു.

എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ

161 (175) ശ്രീ. യു. സി. രാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുനടത്തിയ പ്രവൃത്തികൾക്ക് ഇതുവരെ കോഴിക്കോട് ജില്ലയിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 18,96,99,454 രൂപ ചെലവഴിച്ചു.

(ബി)

നമ്പർ	നിയോജകമണ്ഡലം	ചെലവഴിച്ച തുക രൂപയിൽ
(1)	(2)	(3)
1.	വടകര	1,23,71,248
2.	കോഴിക്കോട് - 2	95,99,144
3.	കുന്ദമംഗലം	2,76,58,315
4.	കൊടുവള്ളി	2,23,83,267

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
5.	ബേപ്പൂർ	1,10,19,162
6.	മേപ്പയൂർ	1,00,83,886
7.	ബാലുശ്ശേരി	88,59,637
8.	തിരുവമ്പാടി	2,11,55,263
9.	നാദാപുരം	2,18,88,479
10.	കൊയിലാണ്ടി	1,56,00,339
11.	പേരാമ്പ്ര	1,72,06,702
12.	കോഴിക്കോട്-1	1,15,47,712
13.	സൈമൺ ബ്രിട്ടോ, എം.എൽ.എ.	3,26,300
	ആകെ	18,96,99,454

മൂല്യവർദ്ധിത നികുതി സമ്പ്രദായം

162 (176) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിലേക്ക് മാറിയപ്പോഴുണ്ടായ വീഴ്ചകൾ കാരണം സംസ്ഥാനത്തെ വാണിജ്യ നികുതിയിൽ 2008-09 വർഷം ഗണ്യമായ കുറവ് സംഭവിച്ചതായി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ ;

(ബി) കുറഞ്ഞ നികുതി ചുമത്തിയതും കേന്ദ്രത്തിൽനിന്ന് കുറഞ്ഞ നഷ്ട പരിഹാരത്തുക ആവശ്യപ്പെട്ടതും നികുതി കുറവിനു കാരണമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) വ്യാപാരികൾ നികുതി റിട്ടേണുകൾ നൽകുന്നതും അവയുടെ പരിശോധനയും നിരീക്ഷിക്കാൻ കാര്യക്ഷമമായ സംവിധാനങ്ങളില്ലാതിരുന്നത് സി.എ.ജി. കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) രജിസ്റ്റർചെയ്യാത്ത വ്യാപാരികളെ കണ്ടുപിടിച്ച് നികുതിയുടെ പരിധിയിൽ കൊണ്ടുവരിക, എല്ലാ ചെക്ക്പോസ്റ്റുകളും കമ്പ്യൂട്ടർവൽക്കരിക്കുക, വാറ്റ് സംബന്ധമായ രൂപരേഖയും മാനദണ്ഡവും നിശ്ചയിക്കുന്ന മാനുൽ തയ്യാറാക്കുക തുടങ്ങിയ സി.എ.ജി.-യുടെ കണ്ടെത്തലിനോടുള്ള ധനവകുപ്പിന്റെ പ്രതികരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിലുള്ള വീഴ്ചകൾകാരണം 2008-09 വർഷത്തിൽ വാണിജ്യ നികുതിയിനത്തിൽ 284.16 കോടി രൂപയുടെ കുറവ്വന്നതായി സി&എ.ജി. കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly